# പതിമൂന്നാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 235** — **30.11.2015-ൽ മറുപടിക്ക്**

## എം.ബി. ബാലകൃഷ്ണന്റെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ 2013സെപ്തംബർ 16ന് കൊലചെയ്യപ്പെട്ട എം.ബി. ബാലകൃഷ്ണൻ കൊലക്കേസ്സിലെ 6-ാം പ്രതി 16.09.2015ന് കാസർഗോഡ് പ്രസ്സ് ക്ലബ്ബിൽ വെച്ച് സ്വന്തം കൈപ്പടയിൽ തയ്യാറാക്കിയ കറിപ്പോടെ വിളിച്ച ചേർത്ത പത്രസമ്മേളനത്തിലെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ പത്രസമ്മേളനത്തിൽ, കൊലയുമായി ബന്ധപ്പെട്ട്, നടത്തിയ വെളിപ്പെടുത്തലുകൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ; ആരെയൊക്കെകുറിച്ചായിരുന്നു പരാമർശിച്ചിരുന്നത്; | (ബി) 2013 സെപ്റ്റംബർ 16-ാം തീയതി തിരുവോണ നാളിൽ മാങ്ങാട് വെച്ച് എം.ബി. ബാലകൃഷ്ണൻ വധിക്കപ്പെട്ടത് കോൺഗ്രസ് ഉന്നത നേതാക്കളുടെ ഗൂഢാലോചനയുടെ ഭാഗമായി കാണുന്നു. ഡി.സി.സി. ജനറൽ സെക്രട്ടറി വി.ആർ. വിദ്യാസാഗർ, ശ്രീജയൻ, ഫർഷാദ് മാങ്ങാട് എന്നിവരുടെ നേതൃത്വത്തിൽ ഗൂഢാലോചന നടത്തി എന്നാണ് ആരോപണം. |
| (സി) ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശിക്കപ്പെട്ടവരെ വിളിച്ചുവരുത്തി അന്വേഷണ സംഘം ചോദ്യം ചെയ്തിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ; | (സി) ചോദ്യം ചെയ്തിരുന്നു. കേസിലെ ആറാം പ്രതി ഷിബു, ഏഴാം പ്രതി മജീദ് എന്നിവരെ പ്രതികളാക്കുന്നതിനുവേണ്ടി മേൽപ്പറഞ്ഞ നേതാക്കന്മാർ ഗൂഢാലോചന നടത്തി എന്നാണ് ആറാം പ്രതി ഷിബുവിന്റെ ആരോപണം. ടി കാര്യത്തെ കുറിച്ച് അന്വേഷണം നടത്തിയതിൽ ആരോപണം കളവാണെന്ന് വെളിവായിട്ടുണ്ട്. |
| (ഡി) പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, ഗൂഢാലോചന സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന പരേതന്റെ വിധവ കെ.വി. അനിതയുടെ ഹർജിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) ഉണ്ട്. 6, 7 പ്രതികൾ ഗൂഢാലോചന നടത്തി എന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ